കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.Kerala.gov.in

# പിണറായി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail- : lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം: KSA/KNR/C8-2042/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670001.

ഇ-മെയിൽ: lfaddistofficeknr@gmail.com
ഫോൺ : 0497 2707698.

തീയതി : 01-12-2016.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന ),

പിണറായി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : പിണറായി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണറായി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3എന്നിവയിലെ ഖണ്ഡികളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം )

3)കാര്യാലയ പകർപ്പ്.

സീയാർ/-

നം: KSA/KNR/C8-2042/2016. തിയ്യതി:01-12-2016.

# കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

## ആമുഖം

കണ്ണൂർജില്ലയിലെ പിണറായി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ.മഠത്തിൽ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 22.10.2016 മുതൽ<br>31.10.2016 വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശ്രീഭാനു.കെ.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശശീന്ദ്രൻ.കെ. | അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ |
| | കുമാരി.മിഥുചന്ദ്ര.സി | ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേരും കാലയളവും

പ്രസിഡണ്ട് :

| പേര് | | | കാലയളവ് |
|---|---|---|---|
| ശ്രീ.കോങ്കി രവീന്ദ്രൻ | | | 01.04.2015 മുതൽ 31.10.2015വരെ |
| ഡോ. എം.സുർജിത്ത് | സെക്രട്ടറി | (ഭരണനിർവ്വഹണ കമ്മിറ്റി അംഗങ്ങൾ) | 1.11.2015 മുതൽ 11.11.2015വരെ |
| ശ്രീമതി.സുശീല.എസ് | (ഐ സി ഡി എസ് സൂപ്പർവൈസർ) | | |
| ശ്രീമതി.അജിമോൾ.ഇ.കെ | (കൃഷി ഓഫീസർ) | | |
| ശ്രീമതി.ഗീതമ്മ.പി.കെ | | | 12.11.215 മുതൽ 31.3.2016വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഡോ.എം.സുർജിത്ത് | 1.4.2015 മുതൽ 31.3.2016 വരെ |

1

## മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അജിമോൾ.ഇ.കെ | 01.04.2015മുതൽ31.03.16വരെ |
| വി ഇ ഒ(എരുവട്ടി വില്ലേജ് ) | ശ്രീമതി.ശ്രീജ ബേട്ടി | 01.04.2015മുതൽ31.03.16വരെ |
| വി ഇ ഒ (പിണറായി വില്ലേജ് ) | ശ്രീ.ധനേഷ് . | 01.04.2015മുതൽ18.01.16വരെ |
| | ശ്രീ.പ്രജിത്ത് .പി | 18.01.2106മുതൽ04.02.16വരെ |
| | ശ്രീമതി.ശ്രീജ ബേട്ടി (അധിക ചുമതല) | 04.02.2016മുതൽ31.03.16വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീധർ രാജൻ | 01.04.2015മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ (സി .എച്ച്.സി.പിണറായി) | ഡോ.ഇബ്രാഹിം | 01.04.2015മുതൽ31.03.16വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദഡിസ്പെൻസറി) | ഡോ.സെബിന | 1.04.2015മുതൽ 31.3.16 വരെ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.സുശീല.എസ് | 1.04.2015മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി.എം.പ്രേമൻ | 1.04.2015മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ഷൈന വത്സൻ.പി | 1.04.2015മുതൽ 31.3.16 വരെ |

ഉള്ളടക്കം


| | ഭാഗം 1 – പൊതു അവലോകനം | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(8) |
| 9 | ക്ഷേമപദ്ധതികൾ | 1(9) |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1(10) |
| 11 | ഗ്രാമസഭ | 1(11) |
| 12 | ആഭ്യന്തര നിയന്ത്രണം | 1(12) |

ഭാഗം- 11 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബിൽഡിംഗ് പെർമിറ്റ്- തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല | 2(1) |
| 2 | D & O ലൈസൻസ് അപാകങ്ങൾ | 2(2) |
| 3 | തൊഴിൽ നികുതി അപാകങ്ങൾ | 2(3) |

ഭാഗം-III ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്. | 3(1) |
| 2 | ഇ.എം.എസ്. ഭവനനിർമ്മാണം. മുൻകൂർ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 3(2) |
| 3 | നെൽകൃഷിക്ക് സബ്സിഡി അധികമായി നൽകിയ 1473 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3(3) |
| 4 | ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മാതൃകാപരം | 3(4) |
| 5 | പ്രത്യേക സാഹചര്യമില്ലാതെ 2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹണ ഏജൻസി മുഖാന്തിരം നിർവ്വഹിച്ചു | 3(5) |
| 6 | സാങ്കേതിക അനുമതി തുകയെക്കാൾ പ്രൊജക്ട് ചെലവ്- | 3(6) |
| 7 | റൂഫിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ നിർദ്ദേശിച്ച വിധത്തിലുള്ള മെറ്റീരിയൽ ഉപയോഗിച്ചില്ല- ചെലവു തുക 2,34,104 തടസ്സപ്പെടുത്തുന്നു, | 3(7) |
| 8 | ഇ.ടെണ്ടർ -ടെണ്ടർഫോറം വില തിരികെ ലഭിക്കാനുള്ള നടപടി | 3(8) |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ് | |
| 9 | ബസ്സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - ¾ കോടി ചെലവഴിച്ചെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല | 3(9) |
| 10 | നീന്തൽകുളത്തിന് സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകാത്തത് | 3(10) |
| 11 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക 1,26,542 തടസ്സപ്പെടുത്തുന്നു | 3(11) |
| 12 | വൌച്ചറുകൾ ഹാജരാക്കാത്തത് -തുക89,640 തടസ്സപ്പെടുത്തുന്നു | 3(12) |
| 13 | എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല-തുക 5,65,063 തടസ്സപ്പെടുത്തുന്നു | 3(13) |
| 14 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ- വാഹനത്തിന് അധികം അനുവദിച്ച 14100 രൂപ നിരാകരിക്കുന്നു. | 3(14) |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 100 ദിവസം തൊഴിൽ ലഭ്യമാക്കിയില്ല | 3(15) |

ഭാഗം-IV ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |
| 10 | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| 11 | അനുബന്ധം – 2 ബാലൻസ് ഷീറ്റ് | |

| | |
|---|---|
| 12 | അനുബന്ധം – 3 ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| 13 | അനുബന്ധം – 4 റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25.3.2015 ലെ 48/15-ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരം അംഗീകരിച്ച ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+)/(-) |
| മുന്നിരിപ്പ് | 1,00,00,000 | 2,78,91,969.95 | | | |
| വരവ് | 10,95,78,000 | 4,13,27,869 | | 6,82,50,131.00 | (-) 62.28 |
| ആകെ | 11,95,78,000 | 6,92,19,838.95 | | 5,03,58,161.05 | (-) 42.11 |
| ചെലവ് | 11,21,20,250 | 4,69,47,037 | | 6,51,73,213.00 | (-) 58.12 |
| നീക്കിയിരിപ്പ് | 74,57,750 | 2,22,72,801,95 | | | |

യാഥാർത്ഥ്യത്തിൽ വളരെയധികം വ്യത്യാസം വന്നതിൽ നിന്നും ബജറ്റ് വേണ്ടത്ര യാഥാർത്ഥ്യ ബോധത്തോടെയല്ല തയ്യാറാക്കുന്നത് എന്ന് വ്യക്തമാണ്. ഇക്കാര്യത്തിൽ വേണ്ടത്ര ഗൗരവം ഉണ്ടാവേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 16.6.2016 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|
| 2015-16 | 26.10.2016 | വിശേഷണങ്ങളോട് കൂടിയത് |

Account verification Note

1. Bulding tax opening balance, current year demand, collection, closing balance in demand register are not in `agreement with the A.F.S 2015-16

2. Library cess opening balance, current year demand, collection and closing balance in demand register are not in agreement with the AFS 2015-16

3. The value of closing stock in balance sheet is not in agreement with the document produced
4. The cashflow statement is not in agreement with the opening balance and closing balance of the Annual Financial Sstatement

5. Expenditure is not booked in sulekha for the amount received for jointventure projects.

അക്കൗണ്ട് പരിശോധനാ കുറിപ്പുകൾ

1. ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള നികുതി പിരിവ് വസ്തുനികുതി മുന്നിരിപ്പ്, തൻവർഷ ഡിമാന്റ്, നീക്കീയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ലൈബ്രറിസെസ്സ് മുന്നിരിപ്പ്, തൻവർഷ ഡിമാന്റ്, വരവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

3. ബാലൻസ് ഷീറ്റിലെ ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം ഹാജരാക്കിയ രേഖകളുമായി പൊരുത്തപ്പെടുന്നില്ല.
4. വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിച്ച ക്യാഷ് ഫ്ലോ പത്രിക, വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് ഉകയുമായി പൊരുത്തപ്പെടുന്നില്ല.

5. സംയോജിത പ്രൊജക്ടുകൾക്ക് ലഭിച്ച വരവുകൾക്ക് സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

2015-16വർഷങ്ങളിലെ സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികവിവരം

സാമ്പത്തികവിശകലനം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 2,78,91,969.95 |

| | |
|---|---|
| വരവ് | 4,13,27,869 |
| ആകെ | 6,92,19,838.95 |
| ചെലവ് | 4,69,47,037 |
| നീക്കിയിരിപ്പ് | 2,22,72,801,95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16,03,566 | 55,80,477 (46,07,503-Transfer Credit) | 1,17,91,546 | 1,17,91,546 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10,21,000 | 10,21,000 | 10,21,000 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 14,000 | 14,000 | 14,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 13,78,905 | 49,94,000 | 63,72,905 | 63,72,905 | 0 | 100 |
| സംരക്ഷണഗ്രാന്റ് (റോഡിതരം ) | 8,87,142 | 32,49,737 | 41,36,879 | 41,36,879 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8,21,941 | 58,78,264 | 67,00,205 | 52,46,088 (14,54,117-T/C) | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 33,87,000 | 31,53,386 | 65,40,386 | 33,87,000 (31,53,386-T/C) | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| എം. ജി. എൻ. ആർ.ഇ.ജി.എസ്. | 0 | 65,63,436 | 65,63,436 | 65,62,194 | 1242 | 99.98 |
| ബി ഫണ്ട് | | 3,32,26,302 | 3,32,26,302 | 3,32,26,302 | 0 | 100 |

സ്പെസിഫിക് പർപ്പസ് ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഇനത്തിൽ (ബി4 സ്റ്റേറ്റ്മെന്റ് പ്രകാരം) 13,85,826 രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 7,23,277 രൂപ കേന്ദ്രാവിഷ്കൃത പദ്ധതി (JCPS)ഇനത്തിൽ ഉള്ളതും 368710/- രൂപ സമ്പൂർണ്ണ ശുചിത്വ പദ്ധതിയിനത്തിലുള്ളതുമായ തുകയാണ്. ആയത് പരിശോധിച്ച് വിനിയോഗിക്കുവാൻ ബാക്കിയുള്ള തുക സത്വരം വിനിയോഗിക്കേണ്ടതും അല്ലാത്തപക്ഷം തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 181 | 6,22,44,613 | 163 | 3,91,02,332 | 12 | 6 | 90 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.20.22ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,84,453 | 44,85,560 | (-)1,98,893 | (-) 4.24 |
| നികുതിയേതര വരവുകൾ | 8,52,250 | 9,21,196 | 68,946 | (+)8.09 |
| മറ്റുവരവുകൾ | -- | 6,338 | 6,338 | |
| ആകെ | 55,36,703 | 54,13,094 | | |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.9.2016 മുതൽ 23.9.2016വരെ | 1.7.2016 മുതൽ 31.8.2016വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.6.2013 മുതൽ 22.6.2013വരെ | 2008-09 മുതൽ 2012-13 വരെ | 20.8.2013 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,44,240 | 84 |
| കർഷകതൊഴിലാളി പെൻഷൻ | 52,86,930 | 746 |
| വിധവാപെൻഷൻ | 79,70,480 | 997 |
| വാർദ്ധക്യകാലപെൻഷൻ | 1,28,80,920 | 1,715 |
| വികലാംഗപെൻഷൻ | 37,37,905 | 298 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 28,02,830 | 303 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 1.11.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3,582 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

2015-16 വർഷത്തിൽ ആകെ 4 തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. പഴയ ഭരണസമിതിയുടെ കാലത്ത് രണ്ട് പ്രാവശ്യവും പുതിയ ഭരണസമിതി നിലവിൽ വന്നതിനു ശേഷം രണ്ട് പ്രാവശ്യവും ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ഗ്രാമസഭയിൽ ക്വാറം തികയുന്നത്ര എണ്ണം വോട്ടർമാരുടെ പങ്കാളിത്തം ഉണ്ടായതിരുന്നതായി ഗ്രാമ സഭാ മിനട്സ്സുകളിൽ നിന്നും മനസ്സിലാവുന്നു.

## 1-12 ആഭ്യന്തരഭരണ നിയന്ത്രണം

പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളോടൊപ്പം പൊതുജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് ആശ്രയിക്കേണ്ടുന്ന പൊതു സ്ഥാപനം എന്ന നിലയിലും നാനാവിധമായ പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്തിന് നിർവ്വഹിക്കാനുള്ളത്. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതിന് ഓഫീസിലെ മുഴുവൻ ജീവനക്കാർക്കും ഉത്തരവാദിത്തമുണ്ട്. കൃത്യമായ ചുമതലാവിഭജനം നടത്താനും ചുമതലകൾ വിലയിരുത്താനുംഅധികൃതർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വികേന്ദ്രീകൃത സംവിധാനത്തിലൂടെ സുശക്തമായ ഭരണകേന്ദ്രമായി മാറിയ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനമികവിന് അടിസ്ഥാനമായി വർത്തിക്കേണ്ടുന്ന ഒന്നാണ് ആഭ്യന്തര ഭരണം. പൗരാവകാശരേഖയിൽ പ്രഖ്യാപിച്ചിട്ടുള്ള സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സഹായകമായ ഭരണതലനടപടികൾ ആഭ്യന്തരഭരണനിയന്ത്രണത്തിന്റെ ഭാഗമായി അധികൃതർ ഉറപ്പുവരുത്തേണ്ടതുണ്ട്. ഈ ഉത്തരവാദിത്തങ്ങൾ തദ്ദേശ ഭരണസെക്രട്ടറിയുടെ 03-11-2006 ലെ45778/PA 3/06 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. പിണറായി ഗ്രാമപഞ്ചായത്തിൽ ആഭ്യന്തര ഭരണനിയന്ത്രണ സംവിധാനങ്ങൾ പൂർണ്ണമായും സജീവമല്ല. 8-8-2014ന് ശേഷം 4.2016 ന് മാത്രമാണ് ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. ഓഫീസ് ഓർഡർ ബുക്ക്, ഇൻകുംബെൻസി മാസ്റ്റർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങളും പൂർണ്ണമല്ല. പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ നിയമത്തിൽ അനുശാസിക്കുന്ന വിധം കാലികമായി പുതുക്കിയിട്ടില്ല പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപികരിച്ചിട്ടുണ്ട്. എന്നാൽ നിധിയിൽ നിന്നും ആർക്കും സാമ്പത്തിക സഹായമൊന്നും ഇതുവരെയായി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ കൂടുതൽ സൂക്ഷ്മതയോടെ തയ്യാറാക്കേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പും രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ തയ്യാറാക്കലിനും സൂക്ഷിപ്പിനും ആവശ്യമായ മാർഗ്ഗരേഖകൾ നല്കേണ്ടതാണ്. പദ്ധതി നടത്തിപ്പിൽ നിർവ്വഹണോദ്യോഗസ്ഥൻമാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നിർവ്വഹണോദ്യോഗസ്ഥന്മാർ ഏറ്റെടുത്തു നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും കൃത്യതയുള്ളതാണെന്ന് ഉറപ്പുവരുത്തണം. ജീവനക്കാരുടെ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേർന്ന് പ്രവർത്തനങ്ങൾ/ചുമതലകൾ ചർച്ചചെയ്യണം. എങ്കിൽ മാത്രമേ പദ്ധതി നിർവ്വഹണം ഫലപ്രദമായും, സമയബന്ധിതമായും പൂർത്തിയാക്കി വിഭാവനം ചെയ്ത പ്രാദേശിക വികസനം കൈവരിക്കുവാൻ സാധിക്കുയുള്ളൂ.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബിൽഡിംഗ് പെർമിറ്റ് - തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെർമിറ്റ് കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നവർക്ക് ആകെ 2 പ്രാവശ്യം 3 വർഷത്തേക്ക് കൂടി പെർമിറ്റ് നീട്ടി നൽകാവുന്നതാണെന്ന് ചട്ടം 17 (2) ലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷ സാധുതാ കാലയളവ് അവസാനിച്ചതിന് ശേഷവും പെർമിറ്റ് പുതുക്കിയതായോ, പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കി നമ്പർ അനുവദിച്ചതായോ ഉള്ള വിവരങ്ങൾ രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം, ചട്ടം 4 അനുസരിച്ച് സാധുവായ പെർമിറ്റ് ഇല്ലാതെ ഭൂവികസനം, കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടത്തുവാൻ പാടില്ല. ബിൽഡിംഗ് പെർമിറ്റില്ലാതെയുള്ള കെട്ടിട നിർമ്മാണം കണ്ടെത്തി, നിയമാനുസൃതമായ നിർമ്മാണത്തിന് അധിക ഫീസ് ചുമത്തി ക്രമവത്കരണം നടത്തേണ്ടതാണ്. ക്രമവത്കരണം സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം രജിസ്റ്ററിൽ തയ്യാറാക്കേണ്ടതാണ്. നിയമാനുസൃത പെർമിറ്റ് ഇല്ലാതെ കെട്ടിട നിർമ്മാണം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സാധുവായ പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തിയായതിന്റെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് (18/2016 തീയതി- 1-11-2016) ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നമ്പർ സംബന്ധിച്ച വിവരങ്ങൾ കൂടി രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 2-2 ഡി. & ഒ. ലൈസൻസ് അപാകങ്ങൾ

ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ, സ്ഥാപനങ്ങൾ വിറ്റുവരവ് രേഖപ്പെടുത്താതെ അപേക്ഷ സമർപ്പിച്ചതായും ഉദ്യോഗസ്ഥരുടെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെ അപേക്ഷ തീർപ്പാക്കിയതായും കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

1. ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ വിവരം

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ഇച്ചുമ്മൽ ബാലൻ | ഷൈജു സോഡ വർക്സ് |
| 2 | അജേഷ്. കെ | സ്വപ്ന ടെക്സ്റ്റൈൽസ് |
| 3 | മൂളിയിൻ ബാലൻ | അനാദി |

2. അന്വേഷണ റിപ്പോർട്ട് ഇല്ലാത്തവ

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ചെയർമാൻ പിണറായി ഇൻഡസ്ട്രിയൽ കോ.സൊസൈറ്റി ലി. നം.എസ്.IND.C.81 | പികോസ് |
| 2 | ചെയർമാൻ പിണറായി ഇൻഡസ്ട്രിയൽ സെൻട്രൽ കോ.സൊസൈറ്റി ലി.നം.S.IND[C]237 | -ടി- |

മേൽ അപാകതകൾ കാരണം ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

## 2-3 <u>തൊഴിൽ നികുതി അപാകങ്ങൾ</u>

ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ റിട്ടേൺ സമർപ്പിക്കുമ്പോൾ, അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെയാണ് സമർപ്പിക്കുന്നത്. ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് റിട്ടേൺ പരിശോധിക്കാതെയാണ് നികുതി ഈടാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഇക്കാരണങ്ങളാൽ ഈടാക്കിയ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. (ഉദാ - പിണറായി ബിൽഡിംഗ് പ്രോഡക്റ്റ്സ് സൊസൈറ്റി).

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്.</u>

<u>പെൻഷൻ അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.</u>

സാമൂഹ്യക്ഷേമ വകുപ്പിന്റെ നം.105/2002 തീയതി 25-6-2002 ഉത്തരവിൽ വിവിധ ക്ഷേമപെൻഷനുകൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ 10 ദിവസത്തിനകം അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥന്റെയും, സെക്രട്ടറിയുടെയും റിപ്പോർട്ട് സഹിതം ക്ഷേമകാര്യ സ്റ്റാൻറ്റിംഗ് കമ്മറ്റി പാസാക്കി, ഭരണസമിതി അംഗീകരിച്ച് പരമാവധി 40 ദിവസത്തിനകം പെൻഷൻ വിതരണം ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സമയക്രമം പാലിച്ചുകൊണ്ട് പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

<u>ക്ഷേമപെൻഷൻ രേഖകളും രജിസ്റ്ററുകളും കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്.</u>

ക്ഷേമപെൻഷനുകളുടെ അപേക്ഷ സ്വീകരിക്കലും, ധനസഹായ വിതരണവും സംബന്ധിച്ച് പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററിൽ അപേക്ഷ സ്വീകരിച്ച് പെൻഷൻ വിതരണം ചെയ്യുന്നതുവരെയുള്ള നടപടിക്രമങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം. 57414/ഡി.പി. 1/2003 ത.സ്വ.ഭ.വ തീയതി 18-12-2003 ൽ ക്ഷേമപെൻഷൻ അപേക്ഷകളിൽ, അർഹത നിർണ്ണയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിച്ച/ തിരസ്കരിച്ച അപേക്ഷകളുടെ വിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ അനുവർത്തിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പെൻഷൻ രജിസ്റ്ററിൽ അപേക്ഷ ലഭിച്ചത്, അന്വേഷണഉദ്യോഗസ്ഥന് കൈമാറിയത്, അന്വേഷണ റിപ്പോർട്ട് ലഭിച്ചത്, പെൻഷൻ അംഗീകരിച്ചത്, തുടങ്ങിയ വിവരങ്ങളൊന്നും കൃത്യതയോടെ രേഖപ്പെടുത്തിയിട്ടില്ല.

വാർദ്ധക്യകാല പെൻഷൻ അപേക്ഷകരിൽ 80 വയസ്സ് പൂർത്തിയായവർക്ക് ഉയർന്ന നിരക്കിലാണ് പെൻഷൻ നല്കിവരുന്നത് എന്നതിനാൽ അപേക്ഷകരുടെ പ്രായം അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2/2005മുതൽ ക്ഷേമപെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്ന സമ്പ്രദായം നിലവിൽ വന്നതിനാൽ സ്ഥലം മാറിപോയതും, മരണപ്പെട്ടതുമായ ഗുണഭോക്താക്കളുടെ പെൻഷൻ തുക തിട്ടപ്പെടുത്തി അനർഹമായത് തിരികെ ഈടാക്കാൻ നിലവിൽ സംവിധാനമില്ല. അതുകൊണ്ടുതന്നെ മുൻകാലങ്ങളിൽ ലഭിച്ചതുപോലെ പെൻഷൻ മണിയോർഡർ റിട്ടേൺ തുക ലഭിക്കുന്നില്ല. ഒരു പെൻഷൻ ഗുണഭോക്താവ് മരിച്ചുപോയാൽ അനന്തരാവകാശികൾക്ക് മരണം നടന്ന കാലയളവുവരെയുള്ള പെൻഷൻ കുടിശ്ശിക 1500 രൂപവരെയുള്ളത് വില്ലേജ് ഓഫീസർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയും 1500 രൂപയ്ക്ക് മുകളിലുള്ളത് തഹസിൽദ്ദാറിൽ നിന്നുള്ള അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയും നൽകാമെന്ന് നിലവിൽ വ്യവസ്ഥയുണ്ട്. ആയതിനാൽ പെൻഷൻ ഇനത്തിൽ അർഹതപ്പെട്ടതൊഴികെ ഗുണഭോക്താക്കൾക്ക് അധികതുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പെൻഷൻ ഗുണഭോക്താളുടെ തുടർ പെൻഷൻ അർഹത പരിശോധിക്കുന്നതിനും, പെൻഷൻ ഇരട്ടിപ്പ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ പെൻഷൻ പദ്ധതിക്കും സർക്കാർ നിർദേശിച്ച പ്രകാരമുള്ള രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുത്തേണ്ടതാണ്. ലഭിച്ച അപക്ഷകൾ യഥാസമയം അന്വേഷണത്തിന് സമർപ്പിക്കേണ്ടതും, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനവും ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത് സംബന്ധിച്ച വിവരങ്ങളും കൃത്യതയോടെ രേഖപ്പെടുത്തേണ്ടതാണ്. അക്കൗണ്ട് വഴിയുള്ള പെൻഷൻ വിതരണം സംബന്ധിച്ചും വിശദമായ മോണിറ്ററിംഗ്

നടത്തേണ്ടതാണ്.

## 3-2 ഇ.എം.എസ്. ഭവനനിർമ്മാണം - മുൻകൂർ കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: വി.ഇ.ഒ.

പ്രൊജക്ട് നം. 117/10

ഇ.എം.എസ്. ഭവന നിർമ്മാണം എന്ന പ്രൊജക്ടിൽ മുൻകൂർ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ തുക | |
|---|---|---|---|
| 1 | സഫിയ. എ, മാണിക്കോത്ത്<br>പാറപ്രം. പി.ഒ | ചെക്ക് നം.<br>തീയതി | തുക |
| | | 021402<br>തീഃ 4-2-11 | 22,500 |
| | | 022028<br>തീഃ26-6-12 | 30,000 |
| | | ആകെ തുക | 52,500 |

മുൻകൂർ തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് മുൻപാകെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഉചിത നടപടി സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

## 3-3 നെൽകൃഷിക്ക് സബ്സീഡി - അധികമായി നൽകിയ 1473 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രൊജക്ട് നം- എസ്.0006/15-16. കരനെൽ കൃഷി

അടങ്കൽ- 121,800/- ഫണ്ട്- വികസനഫണ്ട്-112050, മറ്റുള്ളവ- 9750

ബിൽ നം. 01001204/15-16 തുക- 1,12,050/-

നിർവ്വഹണം: കൃഷി ഓഫീസർ

സർക്കാർ ഉത്തരവ് (എം.എസ്) നം. 362/2013 ത.സ്വ.ഭ.വ തീയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-17) സബ്സിഡിയും അനുബന്ധവിഷയങ്ങളും

സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ 3-1-5 പ്രകാരം നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡിയായി ഒരു ഹെക്ടറിന് 6000 രൂപ മാത്രമെ അനുവദിക്കുവാൻ പാടുള്ളൂ. എന്നാൽ കരനെൽകൃഷിക്ക് സബ്സിഡി താഴെപറയുംവിധം അധികരിച്ച് നൽകിയതായി കാണുന്നു, വിശദവിവരങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമ നം. | കൃഷിക്കാരന്റെ പേര് | നികുതി രശീതി പ്രകാരമുള്ള സ്ഥലം | കൃഷിക്ക് ഉപയുക്തമാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണം | അനുവദ നീയമായ സബ്സീഡി | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ശൈലജ.പി | ലഭ്യമല്ല | 10 സെന്റ് | 243 | 500 | 257 |
| 2 | എം.സി.രാഘവൻ | 0.1619 (Hctre) | 30 സെന്റ് | 729 | 1440 | 711 |
| 3 | സി.ബാലൻ | 0.1417 | 30 സെന്റ് | 729 | 840 | 111 |
| 4 | സുസ്മിത.കെ.ആർ | 0.0465 | 20 സെന്റ് | 486 | 540 | 54 |
| 5 | പി.ചന്ദ്രൻ | 0.2607 | 30 സെന്റ് | 729 | 900 | 171 |
| 6 | വളപ്പിലാക്കണ്ടി ബാലൻ | 0.1219 | ലഭ്യമല്ല | 731 | 900 | 169 |
| | | | ആകെ തുക- | | | 1473 |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം 8/31.10.16 ന് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ പിശക് പറ്റിയതിനാലാണ് സബ്സിഡി അധികമായി നൽകിയത് എന്ന് അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ സബ്സിഡി 1473/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഈയിനത്തിലെ അധികച്ചെലവ് 1473/- രൂപ നിരാകരിക്കുന്നു.

## 3-4 ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ

### മാതൃകാപരം

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അനിവാര്യമായി നടപ്പാക്കേണ്ട പദ്ധതിയാണ് പാലിയേറ്റീവ് പരിചരണം. 20.04 ച.കി.മീ. വിസ്തൃതിയുള്ള പിണറായി ഗ്രാമപഞ്ചായത്തിൽ ആകെ 19 വാർഡുകളാണുള്ളത്. 18,151 സ്ത്രീകളും (അവലംബം പദ്ധതി മാർഗ്ഗരേഖ 2015-16) 15555 പുരുഷൻമാരും ഉൾപ്പെടെ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 33,706 ആണ്. ഈ ജനസംഖ്യയിൽ പട്ടികജാതി വിഭാഗത്തിൽ 562 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽ 73 പേരും ഉൾപ്പെടും. 2011 മുതൽ ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് പരിചരണപ്രോജക്ട് നടപ്പാക്കിവരുന്നുണ്ട്. 156 ഗുണഭോക്താക്കളെയാണ് പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഓഡിറ്റ് കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളുടെ രോഗാവസ്ഥകളുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ തയ്യാറാക്കുകയും ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് പരിചരണം നൽകുന്നതിനായി ഹോം വിസിറ്റ് ടീം രൂപീകരിച്ചിട്ടുണ്ട്. ഹോം വിസിറ്റ് ടീം ഒരു ദിവസം 8 രോഗികളെ സന്ദർശിച്ച് രോഗീപരിചരണം നടത്തുന്നുണ്ട്. ഹോം വിസിറ്റ് ടീമിൽ ആരോഗ്യപ്രവർത്തകർ, പാലിയേറ്റീവ് നഴ്സ്, ആശാ പ്രവർത്തകർ, വാർഡ് മെമ്പർമാർ,

വോളണ്ടിയേർസ് എന്നിവർ ഉൾപ്പെടുന്നതായാണ് ഓഡിറ്റ് മുൻപാകെ അറിയിച്ചിട്ടുള്ളത്. പാലിയേറ്റീവ് പ്രോജക്ടിനത്തിൽ 2015-16 ൽ വിവിധ പ്രോജക്ടുകൾകായി ആകെ 5,06,900/- രൂപയാണ് വകയിരുത്തിയത്. ഈ തുകയിൽ 4,00,000 രൂപ പ്ലാൻഫണ്ടും, 6900രൂപ തനത് ഫണ്ടും, 1,00,000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവുമാണ്. ഈ തുകയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1,00,000രൂപയിൽ 2015-16 ൽ 30,000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മററി രൂപികരിച്ചിട്ടുണ്ട്. എന്നാൽ പ്രതിമാസ യോഗങ്ങൾ ചേരാറില്ല എന്നാണ് അറിയിച്ചത്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വ്യക്തികൾ, സംഘടനകൾ എന്നിവയിൽ നിന്നും ഉപകരണങ്ങളോ, പണമായുള്ള സംഭാവനകളൊ ലഭിച്ചിട്ടില്ല. പരിചരണം ആവശ്യമായ രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് നിലവിലുള്ള പരിചരണ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നുണ്ട് എന്നാണ് ഓഡിറ്റ് മുൻപാകെ വിശദീകരിക്കപ്പെട്ടിട്ടുള്ളത്.

## 3-5 പ്രത്യേക സാഹചര്യമില്ലാതെ 2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികൾ നിർവ്വഹണ ഏജൻസി മുഖാന്തിരം നിർവ്വഹിച്ചു

2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ 98 മരാമത്ത് പ്രവൃത്തികളിൽ 90 എണ്ണവും നിർവ്വഹിച്ചത് പിണറായി ഇൻഡസ്ട്രിയൽ കോ. ഓപ്. സൈസൈറ്റി എന്ന അക്രിഡിറ്റഡ് ഏജൻസി മുഖേനയാണ്. സർക്കാർ ഉത്തരവ് നം. 133/2007 ത.സ്വ.ഭ.വ. തീയതി 18-5-2007 പ്രകാരം മരാമത്ത് പ്രവൃത്തികൾ ടെണ്ടർ നടപടികൾ കൂടാതെ അക്രിഡിറ്റഡ് ഏജൻസി വഴി നിർവ്വഹിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദം നൽകുന്നുണ്ട്. അക്രിഡിറ്റഡ് എജൻസികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് താഴെ പറയുന്ന സാഹചര്യങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

1. തദ്ദേശഭരണസ്ഥാപനങ്ങളുടെയോ, സർക്കാർ പൊതുമേഖലാ ഏജൻസിയുടെയോ ഉദ്യോഗസ്ഥ സ്ഥാപന സാങ്കേതീക വൈദഗ്ദ്യം ഉപയോഗിച്ച് ചെയ്യാൻ കഴിയാത്തതും, പ്രത്യേക സംഘടനാ-സ്ഥാപന സംവിധാനങ്ങൾ ആവശ്യമുള്ളതുമായ പ്രവൃത്തികളാണ് നിർവ്വഹിക്കാനുള്ളതെങ്കിൽ അത്തരം പ്രവൃത്തികൾ അക്രിഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹിക്കാം.
2. ടെണ്ടർ നടപടി കൂടാതെ തന്നെ അക്രിഡിറ്റഡ് എജൻസികൾക്ക് പ്രവൃത്തികൾ നല്കാമെങ്കിലും ഷെഡ്യൂൾ നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിന്റെ സാധ്യത പരിശോധിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ അക്രിഡിറ്റഡ് ഏജൻസി മുഖേന നടപ്പാക്കിയ എല്ലാ പ്രവൃത്തികളും ഷെഡ്യൂൾ നിരക്കിൽ തന്നെയാണ് നിർവ്വഹിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന് സ്വന്തമായി എഞ്ചിനിയറിംഗ് വിംഗ് നിലവിലുണ്ടായിട്ടും, റോഡ് ടാറിംഗ്, ചുറ്റമതിൽ കെട്ടൽ, കെട്ടിടനിർമ്മാണം തുടങ്ങിയ സാധാരണ പ്രവൃത്തികളാണ് അക്രിഡിറ്റഡ് ഏജൻസി മുഖാന്തിരം നിർവ്വഹിച്ചിട്ടുള്ളത്. ഇത്തരം എജൻസികൾ പൂർണ്ണമായും എസ്റ്റിമേറ്റ് നിരക്കിലാണ് പ്രവൃത്തി നിർവ്വഹിക്കുന്നത്. മാനേജ്മെന്റ് ചാർജ്ജിനും നികുതികൾക്കും ഇത്തരം സ്ഥാപനങ്ങളുടെ പ്രൊജക്ടിൽ തന്നെ പ്രൊവിഷൻ വയ്ക്കുന്നതിനാൽ അധിക ചെലവിന്റെ സാഹചര്യം നിലനിൽക്കുന്നു. ഇ-ടെണ്ടർ സമ്പ്രദായം നിലവിൽ വന്നതിനാൽ മത്സരാധിഷ്ഠിതമായ ടെണ്ടറിനും സാഹചര്യം നിലവിലുണ്ട്, ഇത്തരം ഘടകങ്ങൾ എല്ലാം പരിഗണിച്ചുകൊണ്ട്, ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിലൊഴികെ, പദ്ധതി നിർവ്വഹണത്തിന് ഓപ്പൺ ടെണ്ടർ രീതി അനുവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 സാങ്കേതിക അനുമതി തുകയെക്കാൾ പ്രൊജക്ട് ചെലവ്-

2015-16 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപറയുന്ന പ്രൊജക്ടുകളിൽ/സാങ്കേതിക അനുമതി തുകയേക്കാൾ പ്രൊജക്ടിൽ ചെലവ് ഉണ്ടായതായി കാണുന്നു. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം., പേര്, ബിൽ നമ്പർ, ചെലവ് ചെയ്ത തുക | സാങ്കേതി കാനുമതി തുക | പ്രൊജക്ട് പ്രകാരം ആകെ ചെലവ് | അളവ് പുസ്തക നമ്പർ | അധിക രിച്ച തുക |
|---|---|---|---|---|---|
| 1 | 43/15-16 | 3,83,000 | 3,86,314 | 135/15-16 | 3314 |

| | | | | | |
|---|---|---|---|---|---|
| | പാനുണ്ട ഗ്രാമദീപം<br>വെണ്ണീറ്റകുന്ന് റോഡ് ടാറിംഗ്<br>ബിൽ നം.73/16 തുക- 3,86,314 | | | | |
| 2 | 29/15-16<br>കിഴക്കുംഭാഗം പറമ്പത്ത് മുക്ക് മിഠായി കമ്പനി റോഡ് ടാറിംഗ്<br>ബിൽ നം.51/16 തുക-2,56,807 | 2,55,000 | 2,56,807 | 132/15-16 | 1807 |
| 3 | 28/15-16<br>പിണറായി ഈസ്റ്റ് വെസ്റ്റ് റോഡ് ടാറിംഗ്<br>ബിൽ നം.77/16 തുക-2,58,559 | 2,57,000 | 2,58,559 | 156/15-16 | 1559 |
| 4 | 60/14<br>ആലക്കണ്ടി അനന്തൻ വിജയൻ പീടിക വരെ പടന്നക്കര കോറോത്ത് മുക്ക് റോഡ് പുനരുദ്ധാരണം<br>ബിൽ നം.72/16 തുക 4,90,213 | 4,86,000 | 4,90,213 | 192/15-16 | 4213 |
| 5 | 115/15-16<br>പന്തക്കപ്പാറ ശ്രീനാരയണ വായനശാല കൊഴൂർ വയൽറോഡ്<br>ബിൽ നം.69/16 തുക-1,98,702 | 1,98,000 | 1,98,702 | 143/15-16 | 702 |
| 6 | 48/15-16<br>കുഴിയിൽ പീടിക പാനുണ്ട അമ്പലം റോഡ് ടാറിംഗ്<br>ബിൽ നം.66/16 തുക-1,98,723 | 1,98,000 | 1,98,723 | 170/15-16 | 723 |
| 7 | 49/15-16<br>ശ്രീനാരയണ വായനശാല പാനുണ്ട റോഡ് ടാറിംഗ് | 1.98,000 | 1,98,707 | 145/15-16 | 707 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം.75/16 തുക- 1,98,707 | | | | |
| 8 | 15/15-16<br>പാറപ്രം കുഞ്ഞിരാമൻ പീടിക റോഡ് ടാറിംഗ്<br>ബിൽ നം.80/16 തുക 1,73,860 | 1,73,000 | 1,73,860 | 140/15-16 | 860 |
| 9 | 50/15-16<br>ആശാരി കോളനി അച്ചൻ വീട് റോഡ് ടാറിംഗ്<br>ബിൽ നം. 45/16 തുക- 306,328 | 3.04,000 | 3.06,328 | 158/15-16 | 2328 |
| 10 | 148/15-16<br>പന്തക്കപ്പാറ കമ്പൗണ്ടർഷോപ്പ്<br>ഇടക്കണ്ടി മുക്ക് റോഡ് ഭിത്തി<br>ബിൽ നം.85/16 തുക-57,298 | 57,000 | 57,298 | 150-15-16 | 298 |
| 11 | 70/15-16<br>വളപ്പിലാക്കണ്ടി അനന്തൻ റോഡ് പുനരുദ്ധാരണം<br>ബിൽ നം.54/16 തുക- 1,92,096 | 1,91,000 | 1,92,096 | 180/15-16 | 1096 |
| 12 | 16/15-16<br>ആശാരിക്കാവ് വയൽറോഡ് സോളിംഗ്<br>ബിൽ നം.38/16 തുക- 98,563 | 98,000 | 98.563 | 141/15-16 | 563 |
| 13 | 45/15-16<br>വി.വി.കെ സ്മാരക റോഡ് ടാറിംഗ്<br>ബിൽ നം.55/16 തുക- 1,79,386 | 1,78,000 | 1,79,386 | 137/15-16 | 1386 |
| 14 | 17/15-16<br>കൊട്ടാരത്തിൽ കണ്ണൻ റോഡ് ടാറിംഗ് | 1,73,000 | 1,73,329 | 169/15-16 | 329 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം.47/16 തുക- 1,73,329 | | | | |
| 15 | 52/15-16<br>ഇന്താണിപ്പുറം കരിപ്പറത്തു വയൽ റോഡ് ടാറിംഗ്<br>ബിൽ നം. 71/16 തുക-303,727 | 3,02,000 | 3.03.727 | 138/15-16 | 1727 |
| 16 | 47/15-16<br>കഞ്ഞിപ്പറമ്പത്ത് പൂവാടൻ മടപ്പുര റോഡ് ടാറിംഗ്<br>ബിൽ നം. 70/16 തുക- 1,98,701 | 1,98,000 | 1,98.701 | 168/ 15-16 | 701 |
| 17 | 134/15-16<br>കോഴൂർ യു.പി.സ്കൂൾ റോഡ് ടാറിംഗ്<br>ബിൽ നം.94/15-16 തുക- 198,702 | 1,98,000 | 1,98,702 | 167/15-16 | 702 |
| 18 | 72/16<br>ഓലയമ്പലം തെരു ചെക്കികുനി പാലം റോഡ് പുനരുദ്ധാരണം<br>ബിൽ നം. 82/15 തുക-4.79.720 | 4,63,000 | 4,79,720 | 183/15-16 | 16,720 |
| 19 | 69/15-16<br>വെണ്ടുട്ടായി കനാൽക്കര ദിനേശ് റോഡ് പുനരുദ്ധാരണം<br>ബിൽ നം.62/16 തുക-1,21,578 | 1.21.000 | 121.578 | 176/15-16 | 578 |
| 20 | 136/15-16<br>കോഴൂർ യു.പി.സ്കൂൾ ഓട നിർമ്മാണം<br>ബിൽ നം. 60/16 തുക- 1,81,300 | 1,80,000 | 1,81,300 | 174/15-16 | 1300 |
| 21 | 58/15-16<br>കണിശൻ മുക്ക് താഴെ റോഡ് പുനരുദ്ധാരണം | 2,00,000 | 2,00,328 | 177/15-16 | 328 |

| | | | | | |
|---|---|---|---|---|---|
| | ബിൽ നം. 50 /16 തുക- 20,328 | | | | |
| 22 | 55/15-16<br>കോളാട് സേട്ട് പീടിക റോഡ് പുനരുദ്ധാരണം<br>Bill No. 41/16 തുക- 1,30.137 | 1,30.000 | 1,30.137 | 181/15-16 | 137 |
| | | | ആകെ തുക- | | 42,078 |

മേൽ പ്രൊജക്ടുകളിലെല്ലാം സാങ്കേതിക അനുമതി ലഭിച്ച തുകയെക്കാൾ അധികമായാണ് തുക ചെലവഴിച്ചിട്ടുള്ളത്. മേൽ പ്രൊജക്ടുകളിലെ മരാമത്ത് പ്രവൃത്തികൾ അക്രിഡറ്റഡ് ഏജൻസിയായ പിണറായി ഇൻഡസ്ട്രിയൽ കോ.ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരമാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രൊജക്ടിൽ നിശ്ചയിച്ച പ്ലാൻഫണ്ട് വിഹിതത്തിനു പുറമേ മേൽ പ്രൊജക്ടുകളിലെല്ലാം തന്നെ തനത് ഫണ്ട് വിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ അധികമായി നൽകിയ തുകയെല്ലാം തന്നെ തനത് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് ചെലവഴിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് 19/2016 തീയതി 02-11-2016 പ്രകാരം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകുകയുണ്ടായി. ആയതിന് നമ്പർ D1/AE/LSGD/PIN/ 2016-17 തീയതി 2-11-2016 നമ്പറായി അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ, പദ്ധതികൾ നടപ്പാക്കി അന്തിമ ഘട്ടത്തിലെത്തുന്ന സമയത്താണ് പ്രവൃത്തി നിർവ്വഹിച്ച ഏജൻസി നികുതി കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയുണ്ടായതെന്നും പ്രസ്തുത കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റിൽ വാറ്റ് 5% ആയിരുന്നുവെന്നും സാങ്കേതികാനുമതി തുകയിൽ വാറ്റ് 4% ആയിരുന്നു ഉൾപ്പെടുത്തിയിരുന്നതെന്നും ഈവിധം നികുതിയിനത്തിൽ അധികം വന്നതുക പ്രൊജക്ടിലെ തനത് ഫണ്ട് ഭാഗത്തിൽ നിന്നും നൽകുകയാണ് ഉണ്ടായത് എന്നുമാണ്. മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ പരാമർശിച്ച പ്രൊജക്ടുകളിൽ നിന്നും 5% വാറ്റുനികുതിയും 1% ക്ഷേമനിധിവിഹിതവുംഉൾപ്പെടെ 6% നികുതിയാണ് ഈടാക്കി ഒടുക്കിയിട്ടുള്ളത് എന്ന് ബോദ്ധ്യപെടുകയുണ്ടായി. ഈയിനത്തിൽ പ്രവൃത്തി നിർവ്വഹിച്ച അക്രിഡറ്റഡ് ഏജൻസിക്ക് അധിക തുക നൽകിയിട്ടില്ല. ഇത്തരം പ്രവൃത്തികൾ ഭാവിയിൽ നിർവ്വഹിക്കുമ്പോൾ കരാറുകാരിൽ നിന്നും ഈടാക്കേണ്ടുന്ന നികുതികളുടെ കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് മുൻകൂട്ടി വാങ്ങിസൂക്ഷിക്കേണ്ടതും, അതനുസരിച്ച് പ്രൊജക്ട് വകയിരുത്തൽ നടത്തേണ്ടതുമാണ്.

## 3-7 റൂഫിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിൽ നിർദ്ദേശിച്ച വിധത്തിലുള്ള മെറ്റീരിയൽ ഉപയോഗിച്ചില്ല- ചെലവു തുക 2,34,104 തടസ്സപ്പെടുത്തുന്നു,

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ.

2015-16 ൽ താഴെപറയുംവിധം കെട്ടിടങ്ങൾക്ക് ഷീറ്റ് റൂഫിംഗ് എന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്

1. പ്രൊജക്ട് നം-119/15-16

മൗവ്വേരി ഓലയമ്പലം അംഗൻവാടി മുറ്റത്തിന് മേൽക്കൂര

എസ്റ്റിമേറ്റ് തുക- 1,70,000

സാങ്കേതിക അനുമതി- AE/ LSGD/ TLY/ 265/15-16 തീയതി- 26-8-15

എഗ്രിമെന്റ്- AE/ LSGD/ PIN-2015-16 തീയതി- 22-9-2015

അളവ് പുസ്തകം- 153/15-16

ബിൽ നം- 36/16 തീയതി- 13-2-16 , ചെലവ് തുക- 1,52,225

കരാറുകാരൻ- പിണറായി ഇൻഡസ്ട്രിയൽ കോ,ഓപ്പറേറ്റീവ് സൊസൈററി

ചെയ്ത അളവ്- 88.33m2

2. പ്രൊജക്റ്റ് നം.153/16

വെള്ളുവകണ്ടി കുളം അംഗൻവാടി അറ്റകുറ്റപണി

എസ്റ്റിമേറ്റ് തുക- 1,15,000/-

സാങ്കേതിക അനുമതി- AE/LSGD/TLY/368/15-16 തീയതി- 26-02-2016

എഗ്രിമെന്റ്- 63/AE/LSGD/PIN/2015-16 തീയതി- 27-2-2016

ബിൽ നം- 65/16, ചെലവ് തുക- 81,879/-രൂപ

അളവ് പുസ്തകം-209/15-16

ചെയ്ത അളവ്- 64m2

കരാറുകാരൻഃ പിണറായി ഇൻഡസ്ട്രിയൽ കോ. ഓപ്പറേറ്റീവ് സൊസൈറ്റി

മേൽ പ്രവൃത്തികളിലെ എസ്റ്റിമേറ്റിലെ 4-ാമത് ഇനം "providing Corrugated Aluminium Sheet roofing vertical curved surface fixed with polymer coated--------" എന്നയിനം പ്രവൃത്തിയാണ്. ഈ പ്രവൃത്തി നിർവ്വഹിച്ചതിന് m2 ന് 988 രൂപ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ പ്രവൃത്തിക്ക് ഉപയോഗിച്ചത് Corrugated Aluminum എന്നതരം ഷീറ്റിന് പകരം Trafford Aluminium എന്നയിനം ഷീറ്റാണെന്ന് കാണുകയുണ്ടായി. 2012 ലെ ഷെഡ്യൂൾ നിരക്കിൽ Corrugated Sheet ഉപയോഗിച്ച് 1m2 പ്രവൃത്തിചെയ്യുന്നതിന് കരാറുകാരന്റെ ലാഭവിഹിതവും, ഓവർഹെഡ് ചാർജ്ജും ഒഴികെ 10,178 രൂപ നിരക്കും ഇതേയിനം പ്രവൃത്തിക്ക് Trafford Sheet ആണ് ഉപയോഗിക്കുന്നതെങ്കിൽ 1m2 ചെയ്യുന്നതിന് ലാഭവിഹിതവും, ഓവർഹെഡ് ചാർജ്ജും ഒഴികെ 9039 രൂപമാത്രമേ വേണ്ടിവരികയുണ്ടായിരുന്നുള്ളൂ, എന്നാൽ 2015-16ൽ ഈ പ്രവൃത്തിക്ക് Observed Data പ്രകാരമാണ് corrugated ഷീറ്റിന്റെ വില കണക്കാക്കിയിട്ടുള്ളത്. എന്നാൽ 2015-16 ൽ ബാധകമായ Trafford Aluminium ഷീറ്റിന്റെ Observed Data ലഭ്യമല്ല. DSR ൽ ഇത്തരം ഒരു ഇനം ഉൾപ്പെട്ടതായും കാണുന്നില്ല..ആയതിനാൽ ഷീറ്റുകൾ തമ്മിൽ നിലവിലുള്ള വില വ്യത്യാസം ഓഡിറ്റിൽ തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 9/2016 തീയതി 31-10-2016 പ്രകാരം നൽകുകയുണ്ടായി. പ്രസ്തുത കുറിപ്പിന് 2-11-2016 ന് അസിസ്റ്റന്റ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച PWD CE Data 204 Modified Observed Data അനുസരിച്ചാണ് മേൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്നും, Aluminium

Trafford Roofing sheet ന് DSR ൽ റേറ്റ് ലഭ്യമല്ല എന്നും, . Aluminium Trafford sheet ന്റെ അംഗീകരിച്ച മാർക്കറ്റ് വില ലഭ്യമല്ലാത്തതിനാൽ Aluminium Corrugated ഷീറ്റുമായുള്ള വിലവ്യത്യാസം കണക്കാക്കാൻ സാധിക്കുന്നില്ല എന്നുമാണ്. എന്നാൽ പ്രവൃത്തിക്ക് ഉപയോഗിച്ചത് എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചതിൽ നിന്നും വ്യത്യസ്തമായ Trafford Aluminium ഷീറ്റാണ് എന്നതിനാൽ ഈയിനത്തിലെ അധികചെലവ് സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതാണ് . DSR ൽ റേറ്റ് വ്യക്തമാക്കാത്ത Trafford Aluminium Sheet ന്റെ Observed Data എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ തയ്യാറാക്കി വില വ്യത്യാസം നിർണ്ണയിക്കേണ്ടതും അതനുസരിച്ച് അധികച്ചെലവ് ഉണ്ടായിട്ടുണ്ടെങ്കിൽ നിർവ്വഹണ ഏജൻസിയിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. ആയതിനാൽ. ഈ രണ്ടു പ്രൊജക്ടുകളിലെയുംകൂടിയുള്ള 2,34,104/- ( 81,879/-രൂപ+ 1,52,225) രൂപയുടെ ചെലവുകൾ തടസ്സപ്പെടുത്തുന്നു.

## 3-8 ഇ.ടെണ്ടർ -ടെണ്ടർഫോറം വില തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

2015-16 ഗ്രാമപഞ്ചായത്ത് നിർവ്വഹണം നടത്തിയ 98 മരാമത്ത് പ്രവൃത്തികളിൽ 2 പ്രവൃത്തി ഇ.ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. ഈയിനത്തിൽ 3380/- രൂപ ഇ-ടെണ്ടർ ഫോറം വിലയായി കരാറുകാർ ഒടുക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുന്ന പ്രസ്തുത തുക തദ്ദേശ സ്ഥാപനത്തിന് നിലവിൽ ലഭിക്കുന്നില്ല. എന്നാൽ ഈ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയായതിനാൽ പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ളനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം - ¾ കോടി ചെലവഴിച്ചെങ്കിലും ലക്ഷ്യപ്രാപ്തി നേടിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് -ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ്- ലാന്റ് അക്വിസിഷൻ നഷ്ടപരിഹാര തുകനൽകൽ

പ്രോജക്ട് നം - 1/16

അടങ്കൽ - 15,33,476(വികസന ഫണ്ട്)

- 2,45,524(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

- 17,14,635(തനത് ഫണ്ട്)

ആകെ – 34,93,635

ചെലവ് - 34,93,635 (2015-16)

2005-06 ൽ ഓലയമ്പലം ടൗണിന് സമീപം 3 സ്ഥലമുടമകളുടെ 1.96 ഏക്കർ സ്ഥലം ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിനു വേണ്ടി ഏറ്റെടുത്തിട്ടുണ്ട്. തുടർന്നുള്ള അക്വിസിഷൻ

നടപടികൾക്ക് ശേഷം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 2007-08 ൽ അനുവാദം ലഭിക്കുകയും ചെയ്തു. നടപടികൾക്ക് ശേഷം 2010 ൽ റീസർവ്വേ 6/7 ൽ പെട്ട 1.66 ഏക്കർ സ്ഥലം അക്വയർ ചെയ്തു കിട്ടി. സർക്കാർ നിശ്ചയിച്ചിരുന്ന വില അപര്യാപ്തമാണെന്ന് കാണിച്ച് സ്ഥലമുടമകൾ കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ, തലശ്ശേരി സബ് കോടതിയുടെ വിധിപ്രകാരം ഭൂമി വില വർദ്ധിപ്പിക്കുകയും, നഷ്ടപരിഹാരതുകയായി രണ്ട് സ്ഥലമുടമകൾക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചു.

| എൽ.എ. ആർ. നമ്പർ | അക്വയർ ചെയ്ത സ്ഥലം | ഭൂമി വിലയും ഘടനാ വിലയും | നഷ്ടപരിഹാരമായ അധിക ഭൂമി വില | കോടതി ചെലവ് | പലിശ | ആകെ |
|---|---|---|---|---|---|---|
| 336/11 | 0.1320ഹെക്ടർ | 7,65,336 | 2,29,600 | 4,115 | 9,19,270 | 19,18,321 |
| 335/11 | 0.1658ഹെക്ടർ | 9,61,309 | 2,88,392 | 4,125 | 11,54,658 | 24,08,484 |
| ആകെ | | | | | | 43,26,805 |

തുക നൽകിയതിന്റെ വിവരം - 8,33,170 - (2014-15)

- 34,93,635 – (2015-16)

- 43,26,805

3-ാമത്തെ സ്ഥലമുടമയ്ക്ക് ഇനിയും ലക്ഷങ്ങൾ നൽകേണ്ടതുണ്ട് എന്ന് ഫയലിൽ നിന്നും മനസ്സിലാകുന്നു.

നാളിതുവരെയായി ഈ പദ്ധതിക്കു വേണ്ടി 74.45 ലക്ഷം ചെലവഴിച്ചിട്ടുണ്ട്

| വർഷം | പ്രോജക്ട് നം. | നടപ്പിലാക്കിയ പ്രവൃത്തി | നൽകിയ തുക |
|---|---|---|---|
| 2008-09 | 30/09 | സ്ഥലമെടുപ്പ് | 40,000 |
| 2009-10 | 7/10 | സ്ഥലമെടുപ്പ് | 29,60,000 |
| 2010-11 | 84/11 | അതിർത്തി സംരക്ഷിച്ച് കമ്പി വേലി കെട്ടൽ | 1,18,776 |
| 2014-15 | 177/15 | നഷ്ട പരിഹാരം നൽകൽ | 8,33,170 |
| 2015-16 | 1/16 | നഷ്ട പരിഹാരം നൽകൽ | 34,93,635 |
| ആകെ | | | 74,45,581 |

സ്ഥലമെടുപ്പിൽ ഭാരിച്ച സാമ്പത്തിക ബാധ്യതയുള്ളതിനാൽ ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുകയോ, ആരംഭിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ അക്വയർ ചെയ്ത ഈ ഭൂമിയിൽ നിന്നും 29 സെന്റ് സ്ഥലത്ത് കൺവെൻഷൻ സെന്റർ നിർമ്മാണം ആസ്തി വികസന (എം എൽ എ ഫണ്ട്) ഫണ്ടിൽ നിന്നും നടപ്പിലാക്കി വരുന്നു. പദ്ധതി നിഷ്ക്രിയാസ്തിയായി മാറാതെ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ ഗ്രാമ പഞ്ചായത്ത് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 നീന്തൽകുളത്തിന് സ്ഥലമെടുപ്പ് - ആധാരം, ഭൂനികുതി, രശീതി എന്നിവ ഹാജരാക്കിയിട്ടില്ല - തുക 5,68,160 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് – നീന്തൽകുളത്തിന് സ്ഥലമെടുപ്പ്

പ്രോജക്ട് നം – 129/16

അടങ്കൽ - 4,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ് ) + 1,70,000(തനത് ഫണ്ട്)

ചെലവ് - 4,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ബിൽ നം 8./3.8.2015

- 1,68,160 (തനത് ഫണ്ട് )

ആകെ – 5,68,160

എരുവട്ടി അംശം കോവൂർ ദേശത്ത് റീസർവ്വേ 65/1 ൽ പെട്ട ശ്രീ.കൊയിലൃത്ത് ഇസ്മയിൽ എന്നവരുടെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള 20 സെന്റ് സ്ഥലം നീന്തൽ കുളത്തിനായി ഏറ്റെടുത്ത വകയിൽ മേൽ പറഞ്ഞ തുക ചെലവഴിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കണ്ണൂർജില്ലാകലക്ടറുടെ 12.2.2015 ലെ റഫ. നം c1- 33536/13 ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് പ്രകാരം സെന്റൊന്നിന് 9,216 രൂപയാണ് നിശ്ചയിച്ചത്. ഈ തുകയ്ക്ക് ഉടമസ്ഥൻ സ്ഥലം നൽകാത്തതിനാൽ സെക്രട്ടറി വീണ്ടും അപേക്ഷിക്കുകയും, എന്നാൽ അപേക്ഷിച്ച ഭൂമിയിലേക്ക് യാതൊരു വിധ സൗകര്യവും ഇല്ലാത്തതാണെന്നും, പഞ്ചായത്ത് പൊതു ആവശ്യത്തിനായി ഏറ്റെടുക്കുന്ന സ്ഥലം ഏറ്റവും സൗകര്യപ്രദവും വാഹന സൗകര്യമുള്ളത് ആയിരിക്കേണ്ടതാണെന്നും, ഈവസ്തുവിലേക്ക് റോഡ് സൗകര്യം ഏർപ്പെടുത്തിയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ലാന്റ് വാല്യൂ പുന:പരിശോധിക്കുന്നതാണെന്നും ബഹുമാനപ്പെട്ട കണ്ണൂർജില്ലാകലക്ടർ അറിയിക്കുകയുണ്ടായി. എന്നാൽ സ്ഥലത്തിന്റെ അതിരിനോട് ചേർന്നു നിർമ്മിക്കുന്ന റോഡിന്റെ പണി പൂർത്തിയായതായി സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് സെന്റൊന്നിന് 20,000 രൂപയായി ലാന്റ് വാല്യൂ പുന:നിർണ്ണയിച്ചു. സർക്കാർ ഉത്തരവ് (എം എസ് ) നം. 9/2008 / ത സ്വ ഭ വ തിരുവനന്തപുരം തീയതി 7.1.2008 ലെ ഖ – 6 പ്രകാരം (റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30% എന്ന പരിധിക്ക് വിധേയമായി നഷ്ടപരിഹാരമായി 1,20,000 രൂപ (4,00,000 x 30%)സ്ഥലമുടമയ്ക്ക് നൽകാൻ 28.7.2015ലെ 110/15 -ാം നമ്പർ തീരുമാനമെടുത്തു.

നീന്തൽകുളത്തിനായി ഏറ്റെടുത്ത സ്ഥലം രജിസ്റ്റർ ചെയ്യുന്നതിനായി 48,160 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ സ്റ്റാമ്പ് ഡ്യൂട്ടി തുക 31,200/-, എഴുത്തുകൂലി തുക 6,000/- എന്നിവയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. സ്ഥലത്തിന് ഭൂനികുതി അടച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. സ്ഥലത്തിന്റെ ശുദ്ധജല ലഭ്യത, മാലിന്യ സംസ്കരണ സംവിധാനം, തുടങ്ങിയ കാര്യങ്ങൾ

ഏർപ്പെടുത്തുവാൻ കഴിയുമോ എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ സാധ്യതാ പഠനം നടത്തിയിട്ടില്ല. സ്ഥലത്തിന്റെ അതിരിനോട് ചേർന്ന് നിർമ്മിച്ച അനുബന്ധ റോഡ് പ്രദേശവാസികൾ സന്നദ്ധ പ്രവർത്തനത്തിലൂടെ നിർമ്മിച്ചതാണ്, പ്രസ്തുത റോഡ് പഞ്ചായത്തിന് ഇതുവരെയായും കൈമാറ്റം ചെയ്തു കിട്ടിയിട്ടില്ല.

നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിനു മുൻപ് തന്നെ തുക ചെലവഴിച്ചത് ശരിയല്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

സ്ഥലത്തിന്റെ ആധാരം, ഭൂനികുതി രശീതി, എന്നിവ ലഭ്യമാക്കാത്തതിനാലും, ഏറ്റെടുത്ത സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കാത്തതിനാലും ചെലവഴിച്ച തുക 5,68,160 തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ ഉദ്ദേശ്യമായ സ്വിമ്മിംഗ് പൂൾ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ശ്രദ്ധിക്കേണ്ടതാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 വിനിയോഗസാക്ഷ്യപത്രം, ഹാജരാക്കിയില്ല .ചെലവ് തുക 1,26,542 തടസ്സപ്പെടുത്തുന്നു

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ തുക നല്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക 1,26,542 തടസ്സപ്പെടുത്തുന്നു.

| 1) വിവിധ അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ | |
|---|---|
| പ്രോജക്ട് നം | 63/16 |
| അടങ്കൽ | 63,900 (റോഡിതരം) |
| | 6,100 (തനത് ഫണ്ട്) |
| ചെലവ് | 6,400 (റോഡിതരം) |
| | -- |
| ബിൽ നം &തീയതി | 43/29.3.2016 |
| | -- |
| തുക കൈപ്പറ്റിയ സ്ഥാപനത്തിന്റ വിവരം | 6,400 (കെഎസ് ഇ ബി സെക്ഷൻ-വേങ്ങാട്) |

(2) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ തുക 1,20,142 തടസ്സപ്പെടുത്തന്നു

| 2) മീഡിയാശ്രീ | |
|---|---|
| പ്രോജക്ട് നം | 61/16 |
| അടങ്കൽ | 65,000(ധനകാര്യകമ്മീഷൻഗ്രാന്റ്) |
| ചെലവ് | 19,500 (ബിൽ 3/28.6.2015) |

| | |
|---|---|
| | 45,500 (ബിൽ 29/20.2.2016) |
| തുക കൈപ്പറ്റിയ സ്ഥാപനത്തിന്റ വിവരം | ജില്ലാമിഷൻ കോ ഓർഡിനേറ്റർ<br>കുടുംബശ്രീ |

| 3) ശ്മശാനം – വാട്ടർ കണക്ഷൻ | |
|---|---|
| പ്രോജക്ട്നം | 171/16 |
| അടങ്കൽ | 20,000 (തനത്ഫണ്ട്) |
| ചെലവ് | 16,162 |
| തുക കൈപ്പറ്റിയ സ്ഥാപനത്തിന്റ വിവരം | കേരള വാട്ടർ അതോറിറ്റിയുടെ ലൈസൻസ്ഡ് പ്ലംബർ |

| 4) ഐ കെ എം -ന് അടയ്ക്കേണ്ട വിഹിതം | |
|---|---|
| പ്രോജക്ട് നം. | 183/16 |
| അടങ്കൽ | 38,980 |
| ചെലവ് | 38,980 (ബിൽ - 46/31.3.2016 |
| തുക കൈപ്പറ്റിയ സ്ഥാപനത്തിന്റ വിവരം | എക്സിക്യൂട്ടീവ് ഡയറക്ടർ<br>ഐ.കെ.എം,<br>തിരുവനന്തപുരം |

## 3-12 സ്കൂൾ വിദ്യാർത്ഥികൾക്ക് കളരിപ്പയറ്റ് പരിശീലനം - വൗച്ചറുകൾ ഹാജരാക്കിയില്ല -തുക 89,640 തടസ്സപ്പെടുത്തുന്നു

(1) സ്കൂൾ വിദ്യാർത്ഥികൾക്ക് കളരിപ്പയറ്റ് പരിശീലനം -പദ്ധതിയുടെ സബ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. തുക 1,13,640 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് - സ്കൂൾ വിദ്യാർത്ഥികൾക്ക് കളരിപ്പയറ്റ് പരിശീലനം

പ്രോജക്ട് നം -39/16

അടങ്കൽ – 70,100 (ധനകാര്യകമ്മീഷൻഗ്രാന്റ് )

– 8,300 (തനത് ഫണ്ട്)

– 48,600(വികസന ഫണ്ട്)

ആകെ – 1,27,000

ചെലവ് - 37,800 (ധനകാര്യകമ്മീഷൻഗ്രാന്റ് )-ബിൽ 37/18.3.2016

- 3,240 (തനത് ഫണ്ട്)

- 48,600(വികസന ഫണ്ട്) -ബിൽ 42/23.3.2016

ആകെ – 89,640

സ്കൂൾ വിദ്യാർത്ഥികൾക്ക് കളരിപ്പയറ്റ് പരിശീലനത്തിനായി 38 വിദ്യാർത്ഥികൾക്ക് പിണറായി ആർ.സി. സ്കൂളിൽ വച്ചും 45 വിദ്യാർത്ഥികൾക്ക് എരുവട്ടി കോഴൂർ യു.പി.സ്കൂളിൽ വച്ചും 60 ദിവസം പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുന്ന ഓരോ കുട്ടിക്കും ദിവസവും പാൽ, മുട്ട എന്നിവ ഒരു കുട്ടിക്ക് 18/- രൂപ വീതം നൽകുന്നതിനായി 89,640 രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയ്ക്ക് വേണ്ടി, പാൽ, മുട്ട എന്നിവ വിതരണം ചെയ്തതിന് പിണറായി ക്ഷീര സഹകരണസംഘം വനിത യൂണിറ്റിന് നൽകിയ 89,640 രൂപയുടെ സബ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല 89,640രൂപ തടസ്സപ്പെടുത്തുന്നു.
ഡി.ഡി.നം. 177814 തീ: 18.03.16 രൂ.48,600/-
ഡി.ഡി.നം. 177611 തീ: 28.03.16 രൂ.37,800/-
ചെക്ക് നം.031571 തീ: 30.03.2016 രൂ. 3,240/-തനത് ഫണ്ട്

ആകെ രൂ. 89,640/-

## 3-13 എസ് എസ് എ വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമല്ല - തുക 5,65,063/- തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് -എസ് എസ് എ വിഹിതം നൽകൽ-

പ്രോജക്ട് നം - 23/16

അടങ്കൽ - 5,65,063 വികസന ഫണ്ട് (ജനറൽ)

ചെലവ് - 5,65,063 ബിൽ നം 10 തീയതി 21.8.2015

എസ്.എസ്.എ. വിഹിതം നൽകൽ പദ്ധതിക്കു വേണ്ടി 5,65,063 കണ്ണൂർ ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാപ്രോജക്റ്റ് ഓഫീസറുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ടെങ്കിലും, എസ്.എസ്.എ. പ്ലാൻ പ്രകാരം ഓരോ ഇനത്തിലും ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. അതിനാൽ തുക 5,65,063 തടസ്സപ്പെടുത്തുന്നു.

## 3-14 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ- വാഹനത്തിന് അധികം അനുവദിച്ച 14100 രൂപ നിരാകരിക്കുന്നു.

പ്രൊജക്ട് നം. 167/15-16 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

അടങ്കൽ- 7,04,000

ചെലവ്- 4,09,908

നിർവ്വഹണം- അസി.സെക്രട്ടറി

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിലെ കുട്ടികളെ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്നതിന് വാഹനത്തിന്റെ ഉടമയായ ശ്രീ. എ.അശോകൻ എന്നവർക്ക് പ്രതിദിനം

കിലോ മീറ്ററിന് 20 രൂപ നിരക്കിൽ 1550 രൂപ വച്ച് നൽകിയതായി കാണുന്നു. സർക്കാർ ഉത്തരവ് അച്ചടി നമ്പർ 74/2014/ ഗതാഗതം തീയതി 17-10-2014 പ്രകാരം 1500 സി.സി ക്ക് മുകളിലുള്ളതും ഏഴിൽ കൂടുതൽ സീറ്റിംഗ് കപ്പാസിറ്റി ഉള്ളതുമായ മോട്ടോർ കാബുകൾക്ക് കിലോമീറ്ററിന് 15 രൂപ നിരക്കിലും ഡിറ്റെൻഷൻ ചാർജിനത്തിൽ മണിക്കൂറിന് 50 രൂപയുമാണ് അനുവദനീയമായത്.

ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പ്രൊജക്ടിൽ വാഹനം പ്രതിദിനം 77.5 കിലോമീറ്ററാണ് ഓടിയിട്ടുള്ളത്. അതുപ്രകാരം 77.5 കിലോമീറ്ററിന് 1162.50 രൂപയും, രാവിലെ 9.45 മുതൽ വൈകുന്നേരം 3.30 വരെ ഡിറ്റെൻഷൻ ചാർജിനത്തിൽ (5 മണിക്കൂർ 45 മിനുട്ട്) 287.50 രൂപയും ചേർത്ത് ആകെ 1450 രൂപയാണ് പ്രതിദിനം അനുവദിക്കാവുന്നത്. 2015 ആഗസ്റ്റ് 3 മുതൽ 2016മാർച്ച് 15 വരെയുള്ള കാലയളവിൽ ആകെ 141 ദിവസമാണ് വാഹനം ഓടിച്ചിട്ടുള്ളത്. പ്രസ്തുത ദിവസങ്ങളിൽ അധികമായി അനുവദിച്ച 14,100 രൂപ ((1550-1450) x141) ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവ് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|
| 8 /13-11-2015 | 83,700 | 2015 ആഗസ്റ്റ്, സപ്തംബർ, ഓക്ടോബർ മാസങ്ങളിലെ 54 ദിവസത്തെ വാടക |
| 22/ 23-2-2016 | 58,900 | 2015 നവമ്പർ, ഡിസംബർ<br>മാസങ്ങളിലെ 38 ദിവസത്തെ വാടക |
| 28 /21-3-2016 | 60,450 | 2016 ജനുവരി, ഫിബ്രവരി,<br>മാസങ്ങളിലെ 39 ദിവസത്തെ വാടക |
| 37 /29-3-2016<br>(ബിൽനം.20/15-16)<br>39 / 29-3-2016<br>(ബിൽനം. 29-3-16) | 8,400<br>7100 | 2016 മാർച്ച് 1 മുതൽ മാർച്ച് 15 വരെയുള്ള പ്രവൃത്തിദിവസങ്ങളിലെ 10 ദിവസത്തെ വാടകയിനത്തിലെ തുക |

ആകെ അനുവദിച്ചത് - 2,18,550 (141 x1550)

അനുവദനീയമായത് - 2,04,450 ( 141 x 1450)

അധികം അനുവദിച്ചത് – 14,100

അധികമായി അനുവദിച്ച 14100 രൂപ ബന്ധപ്പെട്ടവരിൽ നിന്നു തിരികെ ഈടാക്കി ഒടുക്കുവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-15 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 100 ദിവസം തൊഴിൽ ലഭ്യമാക്കിയില്ല

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ തൊഴിലാളികളുള്ള ഒരു കുടുംബത്തിന് സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് മഹാത്മാഗാന്ധി ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ലക്ഷ്യം കൈവരിക്കുകയുണ്ടായില്ല. 2015-16 ൽ 20പേർക്ക് മാത്രമാണ് 100 ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | തൊഴിൽ ചെയ്തവരുടെ എണ്ണം | നൂറ് തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|
| 2015-16 | 880 | 880 | 20 |

തൊഴിൽ ആവശ്യപ്പെട്ട 880 കുടുംബങ്ങൾക്കും തൊഴിൽ നൽകിയിട്ടുണ്ടെങ്കിലും , ആകെ 34,410 തൊഴിൽ ദിനങ്ങൾ മാത്രമാണ് നൽകിയത്. ഒരു കുടുംബത്തിന് ശരാശരി 39 തൊഴിൽ ദിനങ്ങൾ മാത്രമാണ് അനുവദിച്ചു നൽകിയിട്ടുള്ളതെന്ന് ഇതിൽ നിന്നും മനസ്സിലാകുന്നു. തൊഴിൽ ആവശ്യപ്പെട്ടവർക്ക് 100 തൊഴിൽ ദിനങ്ങൾ നൽകി ലക്ഷ്യം കൈവരിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2015-16 | 2,10,300 | ശാരീരികമാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | ഇല്ല | 2,10,300 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,00,000 | സമഗ്രപാലിയേറ്റീവ് പരിചരണ പദ്ധതി | 1,00,000 | ഇല്ല |
| | | 2,10,300 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,10,300 | ഇല്ല |

ചെലവഴിക്കാൻ ബാക്കിയുള്ള ജില്ലാ പഞ്ചായത്ത് വിഹിതം അതാത് പദ്ധതിക്ക് വേണ്ടി ചെലവഴിക്കേണ്ടതാണ്. അല്ലാത്തപക്ഷം തിരിച്ചടക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെപേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ | 31/15.3.2016 | 66,000 | 53,021 | 12,979 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ | 43/29.3.2016 | 7,200 | 50,123 | ഇല്ല |
| | | 32/15.3.2016 | 42,923 | | |

ഇതിന് പുറമെ ബി-18 സ്റ്റേറ്റ്മെന്റ് പ്രകാരം 47,791/- രൂപ വാട്ടർ അതോറിറ്റിക്കും 63,900/- രൂപ കെ.എസ്.ഇ.ബി.യ്ക്കും 7000/- രൂപ ഗ്രൗണ്ട് വാട്ടർ വകുപ്പിനും അഡ്വാൻസ് നൽകിയ ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുണ്ട്. അഡ്വാൻസ് ഇനത്തിൽ വാർഷിക കണക്കിലെ തുകയുമായി യഥാർത്ഥ തുക പൊരുത്തപ്പെടാത്തത് വിശദീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡെവലപ്പ്മെൻറ് സൊസൈറ്റി ഷെയർ | 20,000 |
| ആകെ | 20,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,56,071 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-3 | 28,461 | കെ.കെ.ഹരീന്ദ്രൻ (അക്കൗണ്ടന്റ്) | 11503100256 തീയതി21.4.2015 |
| 2011-12 | 3-3 | 25,742 | പാത്തുമ്മ.എ (യു ഡി സി) | 11503100249 തീയതി20.4.2015 |
| 2011-12 | 3-3 | 19,555 | സുബീഷ്.കെ (എൽ ഡി സി) | 11503100219 തീയതി18.4.2015 |
| 2011-12 | 3-3 | 19,812 | ഷീജ.വി.കെ (എൽ ഡി സി) | 11503100220 തീയതി18.4.2015 |
| 2011-12 | 3-3 | 15,503 | ധനീഷ്.കെ (എൽ ഡി സി) | 11503100282 തീയതി21.4.2015 |
| 2011-12 | 3-3 | 16,434 | ടി.ഷാജൻ (ഓഫീസ് അറ്റന്റന്റ്) | 11503100248 തീയതി20.4.2015 |
| 2011-12 | 3-3 | 8,732 | പി.പി.സാവിത്രി (പി ടി എസ്) | 11503100283 തീയതി21.4.2015 |
| 2011-12 | 3-3 | 3,361 | പി.സതി (പി ടി എസ്) | 11503100283 തീയതി21.4.2015 |
| 2011-12 | 3-3 | 25,201 | ഷീജ.എം (യു ഡി സി) | 11503103487 തീയതി3.12.2015 |
| 2011-12 | 3-3 | 11,898 | ടി.പവിത്രൻ (സെക്രട്ടറി) | 11503104914 തീയതി7.1.2016 |
| 2011-12 | 3-9 | 37,212 | അസിസ്റ്റന്റ് എഞ്ചിനിയർ | 11503101157 തീയതി26.6.2015 |
| 2011-12 | 3-9 | 44,160 | അസിസ്റ്റന്റ് എഞ്ചിനിയർ | 11508100735 തീയതി25.5.2015 |
| | ആകെ | 2,56,071 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12, 2012-13 | 3-5 | 2014-15 | 27/ 26.6.2014 | 2011-12&12-13 പ്രോജക്ട് 23/11-12 കേരളോത്സവം ക്ലബ്ബുകൾക്ക് സ്പോർട്സ്ഉപകരണങ്ങൾ വാങ്ങിയത് വ്യാജ വൗച്ചർ നിർമ്മിച്ച് സമർപ്പിച്ചത്. | ₹136740/- തിരിച്ചടച്ചു. തടസ്സം നിലനിൽക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (*) | 4,13,27,869 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(*) | 4,69,47,037 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15,573 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,83,509 |

(*) റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 1,473 | ശ്രീമതി .അജി മോൾ. ഇ.കെ കൃഷി ഓഫീസർ |
| 3-14 | | 14,100 | ശ്രീ.സി.എം.പ്രേമൻ അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-7 | 2,34,104 | ശ്രീമതി .ഷൈന വത്സൻ<br>(അസിസ്റ്റന്റ് എഞ്ചിനിയർ) |
| 3-10 | 5,68,160 | ഡോ. എം.സുർജിത്ത്, (സെക്രട്ടറി) |
| 3-11 | 1,26,542 | ഡോ.എം .സുർജിത്ത് (സെക്രട്ടറി) |
| 3-12 | 89,640 | ഡോ.എം .സുർജിത്ത് (സെക്രട്ടറി) |
| 3-13 | 5,65,063 | ഡോ.എം .സുർജിത്ത് (സെക്രട്ടറി) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-7

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി | ഡോ.എം. സുർജിത്ത് | കരുണ, വടക്കുമ്പാട് (പി ഒ) |
| കൃഷി ഓഫീസർ | അജി മോൾ. ഇ.കെ | അൾട്ട്യൂസ്,മൗവ്വേരി,പാച്ചപൊയ്ക |
| അസിസ്റ്റന്റ്എഞ്ചിനിയർ | ഷൈന വൽസൻ. പി | ശ്രീവത്സം, (പി ഒ) ചൊവ്വ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സി.എം പ്രേമൻ | തയ്യിൽ ഹൗസ്, പാലത്തീങ്കൽ ,കുത്തുപറമ്പ് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.സി8/1131/02തീയതി 12.2.2002 | |
| 1999-2000[പ്ലാൻ] | എൽ.എഫ്.സി8/954/03, തീയതി 12.09.2003 | |
| 2000-01[പ്ലാൻ] | എൽ.എഫ്.സി8/958/03, തീയതി 12.09.2003 | |
| 2002-03 | എൽ.എഫ്.ഡി17/1546/05, തീയതി 06.07.2006 | |
| 2003-04 | എൽ.എഫ്.ഡി13/1680/06, തീയതി 15.05.2007 | |
| 2004-05 | എൽ.എഫ്.ഡി13/966/08, തീയതി 24.02.2009 | |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ഡി3/967/08, തീയതി 20.02.2009 | |
| 2006-07 | എൽ.എഫ്.സി8/267/08, തീയതി 7.12.2009 | |
| 2007-08 | എൽ.എഫ്.സി8/19/11, തീയതി 13.06.2011 | |
| 2008-09 | എൽ.എഫ്.സി8/20/11, തീയതി 13.06.2011 | |
| 2009-10<br>2010-11 | എൽ.എഫ്.സി8/1040/12 തീയതി 22.11.2012 | |
| 2011-12<br>2012-13 | എൽ.എഫ്./കെ.എൻ.ആർ/സി8/1016/14<br>തീയതി 18.11.2014/15.01.2015 | |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി6-1168/16<br>തീയതി 01.08.2016 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

സീയാർ/-

# അനുബന്ധം -1

# AUDIT CERTIFICATE

No.KSA/KNR/C8-2042/2016.

Kerala State Audit Department,
District Audit Office, Kannur-670 001.
e-Mail:lfaddistofficeknr@gmail.com
Phone: 0497 2707698
Date: 01-12-2016.

Certified that I have audited the annual Financial Statement of pinarayi Grama Panchayat in Kannur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of pinarayi Grama panchayat for the year 2015-16 except the observation in My audit report properly presents the picture of income and expenditure.

Deputy Director,
District Audit Office, Kannur.

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: KSA/KNR/C8-2042/2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670 001
ഫോൺ:0497 2707698
e-Mail:doknr.ksad@kerala.gov.in
തീയ്യതി: 01-12-2016.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.